"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ ആരംഭിച്ച പോളിടെക്നിക് കോളേജിലെ കോഴ്സുകളുടെ പേരുകൾ ക്രമീകരിച്ചുകൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.139/2026/HEDN തീയതി,തിരുവനന്തപുരം, 22-02-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം.443/2024/ഉ.വി.വ തീയതി 19.07.2024.

2. സ.ഉ.(കൈ) നം.550/2025/ഉ.വി.വ തീയതി 25.07.2025.

3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 11.01.2026 തീയതിയിലെ ഡി.ടി.ഇ.ടി.വി.എം/27987/2017-എൽ1 (പി.എൽ.എ) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ധർമ്മടം മണ്ഡലത്തിൽ പിണറായി എഡ്യൂക്കേഷൻ ഹബ്ബിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് അനുമതി നൽകിയും കോളേജിൽ ആവശ്യമായ വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത പോളിടെക്നിക് കോളേജിലെ കോഴ്സുകളുടെ പേരുകളിൽ വ്യക്തത വരുത്തി പരാമർശം (2) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2.തുടർന്ന് ടി കോഴ്സുകൾക്ക് AICTE യുടെ അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സിലബസ് ഉൾപ്പടെയുള്ള രേഖകൾ AICTE അപ്പ്രൂവൽ പോർട്ടൽ മുഖേന സമർപ്പിക്കുകയും ചെയ്തിരുന്നു.തുടർന്ന് AICTE ലഭ്യമാക്കിയിട്ടുള്ള അംഗീകാര രേഖകൾ പ്രകാരം കോഴ്സുകളുടെ പേരുകളിൽ ചെറിയ മാറ്റം വന്നിട്ടുള്ളതാണ് എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.തുടർ അംഗീകാരങ്ങൾ ലഭ്യമാക്കി കോഴ്സുകളിൽ അഡ്മിഷൻ ആരംഭിക്കുന്നതിനായി ലഭ്യമായിട്ടുള്ള സമയം കുറവായിരുന്നതിനാൽ കോഴ്സുകളിലെ പേരുമാറ്റം ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് നൽകണമെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു.സർക്കാർ പരാമർശം (2) പ്രകാരം അംഗീകരിച്ചു നൽകിയിട്ടുള്ള കോഴ്സുകളും നിലവിൽ AICTE അംഗീകാരം നൽകിയിട്ടുള്ള കോഴ്സുകളും തമ്മിൽ കാതലായ മാറ്റങ്ങൾ ഇല്ല എന്നതും സിലബസിലും മറ്റും മാറ്റങ്ങൾ വരുത്തിയിട്ടില്ല എന്നുള്ളതും കോഴ്സുകളുടെ പേരുകളിലെ ചെറിയ മാറ്റം അഡ്മിഷനുകളെ ബാധിക്കില്ല എന്നുള്ളതും മുൻനിർത്തി പിണറായി പോളിടെക്നിക് കോളേജിലെ ഡിപ്ലോമ പ്രോഗ്രാമുകളുടെ പേരുകൾ AICTE അനുമതി പ്രകാരം ചുവടെ ചേർക്കുന്നതരത്തിൽ അംഗീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു:

i. **Diploma in Computer Science & Engineering(Artificial Intelligence & Machine Learning )**
ii. **Diploma in Electronics Engineering (Embedded Systems)**
iii. **Diploma in Mechanical Engineering (Automobile Engineering)**
iv. **Diploma in Civil Engineering (Construction Technology)**

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്. പരാമർശം (2) ഉത്തരവ് പൂർണമായും പിൻവലിക്കുന്നു.

5. അനുവദിച്ചിട്ടുള്ള കോഴ്സുകളിൽ അഡ്മിഷൻ ഉൾപ്പടെയുള്ള തുടർ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.അനുമതി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (11.07.2024 ലെ കാബിനറ്റ് തീരുമാനം ഇനം 2268 പ്രകാരം)
ധനകാര്യ വകുപ്പ് (2530098/EDN-C2/257/2023-FIN തീയതി 24.05.2024 പ്രകാരം)
ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്/(L2/3/2026/HEdn).

ഉത്തരവിൻ പ്രകാരം
Signed by Geetha Lekshmi. G
Date: 23-02-2026 10:56:06
സെക്ഷൻ ഓഫീസർ

പകർപ്പ് - 1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ബഹു.ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.